സെന്റ് ജോസഫ് സ് ഗേൾസ് ഹൈ സ് കൂ ൾ മേപ്പാടി

# നിലാവ്...

little KITEs



# ആശംസ......



ഈവർഷം വൈക്കം മുഹമ്മദ് ബഷീറിന്റെ ജന്മദിനത്തോടനുബന്ധിച്ച് ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷം തോന്നുന്നു. നിങ്ങൾ തയ്യാറാക്കുന്ന ഈ മാഗസിൻ ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾക്കു മാത്രമല്ല ഇവിടെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും  പഠനത്തിലും പാഠ്യേതര വിഷയത്തിലും ഉണർവും പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു. ഈ മാഗസിൻ ഒരുക്കത്തിൽ നിങ്ങൾക്കേവർക്കും എല്ലാവിധ മംഗളങ്ങളും നേരുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ,

*ആശംസകളോടെ,*

*സിസ്റ്റർ. ഫ്രീനി ഡേവിഡ് (  പ്രധാനാധ്യാപിക)*

# ആമുഖം

2018 -19 പാഠ്യേതര വർഷത്തെ സെൻറ് ജോസഫ്സ് ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഒരുക്കുന്ന ഡിജിറ്റൽ മാഗസിൻ ആണിത്. അധ്യാപകരായ ജെൻസി ടീച്ചർ, ജിൻഷ ടീച്ചർ എന്നിവരുടെ നേതൃത്വത്തിലാണ് ഇന്നീ ഡിജിറ്റൽ മാഗസിൻ ഇവിടെ ഒരുങ്ങുന്നത്. 2018- 19 വർഷത്തിലെ ഈ വിദ്യാലയത്തെ കുറിച്ച് കൃത്യമായ ധാരണ നൽകാൻ ഈ മാഗസിൻ സഹായിക്കുമെന്ന് ഞങ്ങൾ കരുതുന്നു. ഈ വിദ്യാലയത്തിലെ ഗൈഡ്സ്, ജെ.ആർ.സി എന്നീ സംഘടനകളെ കുറിച്ചും വിവിധതരം ക്ലബ്ബുകളെ കുറിച്ചും ഇത് വ്യക്തമായ ധാരണകൾ നൽകുന്നു. വിദ്യാർത്ഥികളുടെ കഴിവുകൾ പ്രകടമാകുന്ന തരത്തിലുള്ള കലാകായിക മേളകൾ ഈ സ്കൂളിനെ കൂടുതൽ മികവുറ്റതാക്കുന്നു. ശാസ്ത്രമേളയിൽ സംസ്ഥാനതലംവരെ ഉയർന്നു നിൽക്കുകയാണ് നമ്മുടെ സ്കൂൾ.

ഉള്ളടക്കം

1.സ്കൂൾ ചരിത്രം.............................................................06
2.our dear teachers and staff.......................................................07
3.ടീച്ചറുടെ യാത്രയയപ്പ്.........................................................08
4.ചിതറാത്ത ഓർമ്മ.............................................................10
5.ചെമ്പ്രമല.........................................................................11
6.പ്രകൃതിയോട്.................................................................12
7.A  Dream With In A Dream..................................................13
8.തൂലിക............................................................................14
9.ചുടല...............................................................................15
10.ഞാൻ..............................................................................16
11.പെൺകിടാവ്...................................................................17
12.നിലയ്ക്കാത്ത സ്മൃതികൾ.....................................................19
13.മധുരമാം മലയാളം.............................................................20
14.സഖാവ്...........................................................................21
15.Having A Best Friend.......................................................22
16.തിരിച്ചറിയാതെ പോയ സൗഹൃദം...........................................23
17.കാർമേഘം.......................................................................25
18.തത്തമ്മ...........................................................................27
19.പൊതു വിജ്ഞാനം.............................................................28
20.School Activities...............................................................30
21.കൂട്ടുകാർ വരച്ച ചിത്രങ്ങളിലൂടെ.............................................35
22 ലിറ്റിൽ കൈറ്റ്സ് റിപ്പോർട്ട്...................................................36
23..JRC  റിപ്പോർട്ട്................................................................37
24.ഗൈഡ്സ് റിപ്പോർട്ട്...........................................................39


LEAD KINDLY LIGHT
St. JOSEPH'S GIRLS' HIGH SCHOOL MEPPADI

# സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്ക്കൂൾ മേപ്പാടി....

പശ്ചിമഘട്ട മലയോര ഗ്രാമമായ മേപ്പാടി തോട്ടംതൊഴിലാളി മേഖലയുടെ പൂർവ്വകാല പൈതൃക നന്മകളിൽ ഒന്നാണ്. കോഴിക്കോട് ജില്ലയിലെ മലാപ്പറമ്പ്കേന്ദ്രമായി പ്രവർത്തിക്കുന്ന സഹോദരിമാർ എന്നറിയപ്പെടുന്ന സന്യാസിനി സഭ കൊളുത്തിവെച്ച സാംസ്കാരിക വിളക്കാണ് സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ. അഭിവന്ദ്യ മെത്രാൻ ഡോക്ടർ മാക്സ് വെൽ വി നൊറോണ മദർ പ്രൊവിൻഷ്യൽ റവ. സിസ്റ്റർ ജെ റോസ ആൽബർട്ട് എന്നിവരുടെ അനുഗ്രഹീത നേതൃത്വത്തിൽ 1982 ജൂൺ 10-ാം തീയതി പ്രവർത്തനമാരംഭിച്ച വിദ്യാലയം കർമ്മ മഹിമയുടെ ഒന്നായ അധ്യായം തുന്നിച്ചേർത്ത് കൊണ്ട് നാടിന്റെ നവോത്ഥാനം  നിലയമായി മാറി വയനാട് ജില്ലയിലെ ഏക പെൺപള്ളിക്കൂടം ആയ സ്ഥാപനം പാഠ്യപാഠ്യേതര രംഗങ്ങൾക്ക് പുറമേ കലാകായിക പരിസ്ഥിതി മാനവസേവ മേഖലകളിലും പരിവർത്തനം തരംഗങ്ങൾ സംസ്ഥാന ദേശീയ തലങ്ങളിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. വിദ്യാരംഗം കലാസാഹിത്യവേദി, കരുവന്നൂര് കളത്തിലേക്ക് സാമൂഹിക, ശാസ്ത്രസമിതി, ശാസ്ത്ര കൗൺസിൽ, ഗണിതശാസ്ത്ര ശിബിരം, ഇംഗ്ലീഷ് ക്ലബ്ബ്, ഐ ടി ക്ലബ്ബ്, ആരോഗ്യ സമിതി, പരിസ്ഥിതി ക്ലബ്ബ്, എനർജി ക്ലബ്ബ്, സ്ക്രൂൾ സുരക്ഷാ ക്ലബ്ബ്, ജാഗ്രത ക്ലബ്ബ്, ഫിലിം ക്ലബ്ബ് സന്മാർഗ മൂല്യബോധന വേദി എന്നിവയുടെയും, ഭാരത സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, ജൂനിയർ റെഡ് ക്രോസ് എന്നിത്യാദി സന്നദ്ധ കർമ്മ സേനകളുടെയും മാതൃകപരമായ പ്രവർത്തനങ്ങൾ സാർവത്രികമായി പ്രവർത്തിക്കപ്പെടുന്നു എന്നത് അഭിമാനാർഹമാണ്.

2012-13 വർഷത്തിൽ ബഹു. എം.എൽ.എ. ശ്രീ . ശ്രേയാംസ്കുമാർ അവർകളുടെ പ്രാദേശിക വികസനഫണ്ടിൽ നിന്നുള്ള സഹായത്താൽ

എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് മുറികൾ ആക്കിമാറ്റി. സുസജ്ജമായ ഒരു ഐ.ടി  ലാബ്, വൈവിധ്യമാർന്ന ഗ്രന്ഥ ശേഖരത്തോട്കൂടിയ ചെറിയൊരു വായന മുറിയും സ്വന്തമായുള്ള ഈ വിദ്യാലയം പഠനരംഗത്തും പാഠ്യേതര രംഗത്തും സ്വഭാവ സംസ്കരണത്തിലും,
ആദ്ധ്യാത്മികതയിലും  ഉയർന്ന നിലവാരം നിലനിർത്തുന്നു എന്നത് അഭിമാനാർഹമാണ്





## പ്രിയപ്പെട്ട വിനോദ് മാഷിന്

## യാത്രാമംഗളങ്ങൾ..................




## ഞങ്ങളുടെ പ്രിയ മറിയം ടീച്ചറുടെ യാത്രയയപ്പ്........

# ചിതറാത്ത ഓർമ്മ

മരിക്കുകില്ലീ ഓർമ്മകൾ
ചിതറാത്തൊരീ ഓർമ്മകൾ
മനസ്സിൽ കുറിച്ചൊരാ
മായാത്ത ഓർമ്മകൾ
കനവിൽ തെളിയുമീ
മായാത്ത ഓർമ്മകൾ
കൺചിമ്മി ഉണരും മുമ്പ്
ഓടിയെത്തുമീ ഓർമ്മകൾ
മരിക്കുകില്ലീ ഓർമ്മകൾ
ചിതറാത്തൊരീ ഓർമ്മകൾ

നന്ദ വിനു
൯.B

# ചെമ്പ്രമല



വയനാടൻ കാഴ്ചകൾ
കാണുന്നോർക്ക്
ദർശനം നൽകുമീ പർവ്വത റാണി
പചപ്പുതപിട്ട് ഭൂമിതൻമെത്തയിൽ
ഒളികണ്ണോടെ കിടക്കുമീ സുന്ദരി!
മാറിൽനിന്നും തെളിനീർ പരത്തും
ജീവജാലങ്ങൾക്കനുഭൂതി പകരും
ചെമ്പ്രയെന്നന്ന് തമ്പ്രാൻ വിളിച്ച
ശൃംഖറാണി നീയെത്ര മനോഹരി !
സന്ധ്യാനേരത്തെ നീല നിലാവുപോൽ
കണികയായ് ദരയീശ്വനു നൽകും
നീലകുറിഞ്ഞിതൻ വാടാ മലരുകൾ
ദൃശ്യ വിസ്മയ സുന്ദര വസന്തം
നിൻ ഉച്ചിയിൽ നിന്നും ചൂളമടിച്ചെത്തും
മന്ദമാരുതനെന്തു സുഖം
എന്റെ മനസ്സിനും കൺകളിലും
കുളിരേകുന്നൊരീ കന്യകയാണു നീ
മഞ്ഞു കണികയാൽ നിൻ നെറുകയിലണിഞ്ഞ
കനവു തട്ടമൊന്നു മാറ്റിയാട്ടെ
നിൻ മാറിലണിഞ്ഞ മരതക ലാവണ്യം
ഹരിത സുന്ദരമായെന്റെ കൺ നിറയട്ടെ!.

**ഹനീനാജാൻ**

**IXB**

# പ്രകൃതിയോട്

വരണ്ടുണങ്ങിയ മണ്ണിൻ മടിത്തട്ടിൽ
കരിഞ്ഞുണങ്ങിയ മുത്തശ്ശിമാവും
പിന്നെ കറുകറുത്ത കാക്കയും മാത്രം
അവസാന തുള്ളി വെള്ളവും വറ്റി
മരണത്തെ മാറോടണച്ച പുഴയുടെ
കൈകളിൽ ജീവനായ് പിടയുന്ന
മത്സ്യങ്ങളും............
സൂര്യൻെറ  കഠിന ചൂടിൽ
വെന്തുമരിച്ച മനുഷ്യനും
ശവപറമ്പായ് ഭൂമി
കൂട്ടിന് കറുത്തിരുണ്ട പകൽ
മാത്രം...............




അൻഷിദ.പി.എ
IX.B

# A Dream with in dream

Take the kiss upon the brow
And , Inparting from you know
Thus much let me a row
you are not wrong who
dream
That my days have been a dream
yet if hopes has flown away
In a night or in a day
In a vision or in none
Is it there fore the less gone
All that we seen or seem
is but a dream with in a dream

**AFNIDHA.C.A (IX.B)**

# തൂലിക

ഹാ എത്ര മധുരമാർന്നൊരി ഗാനം
നിൻ തൂലികത്തുമ്പിൽ നിന്നുതിർന്നൊരീകാവ്യം
വിസ്മയമെന്നുതന്നെ ഇതിൻമറുപേര്
ചങ്ങമ്പുഴയും,കുമാരനാശാനും ഉയർന്നു
വാനിൽ എത്തിച്ച ഈ തൂലികഗാനം
നാവിൽതുമ്പിൽനിന്നും ഉരിയാടീടുന്ന
വാക്കുകൾചേർത്തിടുമെൻ തൂലിക
മായജാലകവാതിൽതുറന്നിടുന്ന ഗാനം
ഹാ എത്ര മധുരമാർന്നൊരി ഗാനം
എൻ മനോഹരതൂലിക ഗാനം

**സൂര്യ സുരേഷ്**

**9.b**

# ചുടല

കത്തിയമരുന്ന മൃതമേ  നിന്നിലർപ്പിചൊരാ
ചെറുപൂവിനും പുൽക്കൊടിക്കുമേ യഥാ-
കൽപ്പിതകാലത്തിനു അഥർവ സ്ഥാനമോ...
ചുടലയിലെരിയുന്ന കനലിനും ദൃഷ്ടിയിൽ
കാത്തുവെച്ചത് മരണമോ......
നിഗുഢതയൊരു അലങ്കാരമാകുമ്പോൾ
ചുട്ടെരിക്കുന്നിതാ ജീവിത നൗകയിൽ
ജീവിച്ചുതീർത്തൊരീ വെൺമണ്ണുപോം
 നഷ്ടമാം നിമിഷനതു തീർന്നീ ചുടലയിൽ...
വെന്തു വെണ്ണീറാകും മൃതമോ ഇനി-
പറ, നീ ജീവിച്ച കാലത്തിനു
നന്ദിയോ, നഷ്ടകാലത്തിനു
ബാക്കിയോ, ഈ കനലുമാത്രം
 എരിയുന്ന ചാരമോ....

-ആഷിഫ നസ്‌ലിൻ
9b

# ഞാൻ

ഞാൻ ആഗ്രഹത്തിന്റെ
പ്രതീക്ഷയുടെ സ്നേഹത്തിന്റെ
മുഖ്യധാരയിലൂടെ കടന്നുപോവുകയാണ്
കൗമാരകാലത്തിലെ ദുശ്ശീലങ്ങൾ
വേട്ടയാടാൻ തുടങ്ങുന്നതിനു
മുമ്പ്തന്നെ ഞാൻ ഈ
ലോകത്തോട് വിടപറയുന്നു
ആഗ്രഹത്തിന്റെ പ്രതീക്ഷയുടെ
സ്നേഹത്തിന്റെ വാതിൽ
എന്റെ മുൻപിൽ അടയുന്നു

മെഹ്റ ഫെബിൻ

IX B

# പെൺകിടാവ്

**ഭൂമിയിൽ പിറവികൊളളുന്ന ദിനം**
**മാതാവിൻ വാൽസല്യ ഭാവമയം**
**കാലത്തിൻ വീഥിയിൽ ഞാൻ പിറന്നു**
**ഒരു കുഞ്ഞായ് ഇളം തെന്നലിൽ കുളിരായി**
**നാവിലലിയുന്ന അമ്മിഞ്ഞപ്പാലിൽ**
**മധുരമലിഞ്ഞു**
**ആദ്യാക്ഷരങ്ങൾ കുറിച്ച**
**ബാല്യമകന്നു**
**കാലം ഒഴുകിയകലവെ**
**ഭയമുണർന്നു അത് എൻ**
**ഇടനെഞ്ചിൽ കരിപടർത്തി**
**ഹൃദയത്തിൽ ഘോരമാം**
**സ്പന്ദനങ്ങൾ എൻ**
**മേനിയാകെ വിറയലാക്കി**
**മനസ്സിന്റെ വിങ്ങൽ**
**അലയുയർത്തി**
**ഓരോ ദിനങ്ങളും**
**ഭീകരയാമമായ് മാറുന്നു**
**ഹൃദയത്തിന്റെ തേങ്ങൽ**
**വെന്തുന്നീറുന്നു**
**നൊമ്പരമെല്ലാം അതിൽ**
**അലിഞ്ഞ് വീഴുന്നു**

**ഓരോ ദിനങ്ങളും വെണ്ണീറായി മാറും**
**അതിൽ ഏകാന്തമായ**
**കണിയൊരുക്കം**
**ഇന്നീ ലോകം ഭ്രാന്തമാണ്**
**അത് എൻ മിഴിയിലെ ഉണ്മയാണ്**
**കാരണമെല്ലാം ചോദിക്കുവാൻ**
**എന്റെ ചൂണ്ടുവിരൽ**
**പിടയക്കുന്നു പക്ഷെ**

**ഉരുവിടൽ നിഷ്പ്രഭമാകുന്നു**
**എൻമനം ഭയക്കുന്നതാരെയാണ്**
**കാരണമെന്തെന്നുയർക്കെ ചോദിക്കുവാൻ**
**എൻമനം പിടക്കുന്നതെന്താണ്**
**അതിൽ നിന്നുമകലുന്നതെന്താണ്**
**കാരണം ഞാനീ ഭൂമിതൻ**
**പെൺകിടാവോ**

**Rithu sulthana**
**X .C**

# നിലയ്ക്കാത്ത സ്മൃതികൾ

മനുഷ്യ രക്തത്തെ ഊറ്റി കുടിക്കാൻ പ്രളയമാം മഹാവർഷം



ഇപ്പോൾ  വന്നെത്തിയെൻ
ഓർമ്മയിൽ എവിടെയോ
മുന്നേറാം നമുക്കൊരുമിച്ച്
പുതുതലമുറയ്ക്കായ്
മാനവരാശിയുടെ ക്രൂരമാം മുഖം
പ്രളയമായി ഉൽഭവിച്ചു പ്രളയകാലത്ത്
ചൂടുപകരാൻ
സംരക്ഷകനായി കാവൽ ഭടനായി
വന്നെത്തി സ്വന്തം സേന മത്സ്യ സേന
ഒരായിരം നന്ദിയോടെ ഓർക്കുന്നു ഞാൻ

ആതിര ടി.ബി
൯.b

# മധുരമാം മലയാളം

മലയാളമാണു നാം മാതാവിൻ നാവിൽ
നിന്നുരിയാടിത്തുടങ്ങിയ ദിവ്യഭാഷ
മലയാള ഭാഷയെ മധുരമായ് നുകരുവാൻ
മലയാളിയായ നാം മറന്നിടല്ലേ
മനമാകെ കുളിരേകും സുന്ദരഭാഷയാം മലയാളം
മധുരമായ് നുണയുവാനായിടേണം
മലയാളമറിയാമെനിക്കെന്ന സത്യം
ചൊല്ലുവാൻ മടിയായി വന്നിടുന്നു
അറിയേണം മതിമറന്നിന്നു നാം
മറ്റുള്ളഭാഷയെ അതിലേറെ
മധുരമാണീ മലയാളമെന്നോർക്കുക.

വിബിഷ്ണ .എസ്
9.b

# സഖാവ്

ഓർക്കുന്നു ഞാൻ സഖാവേ
പഴയ ചുവന്ന പകലും ഇരുണ്ട രാത്രിയും
എന്തിനു പറയുന്നു ഇന്ന്
തടവറയിലെ ഇരുട്ടിനെ വലിച്ചു കെട്ടുന്നു
ഇരുട്ടിനെ വിഴുങ്ങി സൂര്യൻ ഉദിക്കുന്നു.
വരുമൊരുനാൾ അപ്പോൾ ചുവപ്പിക്കും നാടാകെ നമ്മൾ
ഈ നീറുന്ന നിസ്സാരൻെറ മനസ്സിൽ
നേരിൻെറ ചുകന്ന വിത്ത് വിതറാൻ
ഇനിയുമൊരായിരം ധീര സഖാക്കൾ
ജന്മം എടുക്കും

*ലാൽ സലാം .....*

***അനുശ്രീ.വി***
൭.B

# *HAVING A BEST FRIEND*

*A story tells that two friends were walking through the desert. During some point of the journey, they had an argument, and one friend slapped the other one in the face.*

*The one who got slapped was hurt, but without saying anything, wrote in the sand "Today my best friend slapped me in the face".*

*They kept on walking until they found an oasis, where they decided to take a bath. The one who had been slapped got stuck in the mire and started drowning, but the friend saved him. After he recovered from the near drowning, he wrote on a stone "Today my best friend saved my life".*

*The friend who had slapped and saved his best friend asked him, "After I hurt you, you wrote in the sand and now, you write on a stone, why?" The other friend replied "When someone hurts us we should write it down in the sand where winds of forgiveness can erase it away. But, when someone does something good for us, we must engrave it in stone where no wind can ever erase it."*

*Moral: Do not value the things you have in your life. But value who you have in your life.*

**Lissa Joby**
**9.A**

## തിരിച്ചറിയാതെ പോയ സൗഹൃദം

ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യമാണ് സൗഹൃദം. എത്ര പിണങ്ങിയാലും വഴക്ക് അടിച്ചാലും നമ്മുടെ കൂടെ ഉണ്ടാവുന്നവരാണ്. അത് നമ്മുടെ അമ്മയാവാം , അച്ഛനാവാം, സഹോദരർ ആവാം , സഹപാഠികൾ ആവാം നമ്മുടെ ദു:ഖങ്ങളും സന്തോഷങ്ങളും പങ്കുവയ്ക്കാൻ ഒരാൾ ഉണ്ടാവുക എന്നത് വലിയൊരു ആശ്വാസം തന്നെയാണ്. ഏത് പ്രതിസന്ധികളിലും നമ്മോടൊപ്പം ഉണ്ടാകുന്നവരാണ് സുഹൃത്തുക്കൾ.എനിക്കൊരു നല്ല സുഹൃത്തുണ്ട് അവളെ എനിക്ക് ഒരുപാട് ഇഷ്ടമായിരുന്നു പിന്നെ പതിയെപ്പതിയെ അതു കുറയാൻ തുടങ്ങി കാരണം, അവൾ എപ്പോഴും എന്നെ വഴക്കു പറയുമായിരുന്നു എന്നിട്ട് അവൾ തന്നെ കയറുകയും ചെയ്യും. ഞാൻ മിണ്ടാൻ പോയാലും  അവളെന്നോട് മിണ്ടില്ല പിന്നെ കുറേ പുറകെ നടന്നാലേ അവൾ മിണ്ടുകയുള്ളൂ എപ്പോഴും അവൾ തലവേദനയെന്നു പറയുമായിരുന്നു പിന്നെ ,ഒരു ദിവസം ഞങ്ങൾ വരാന്തയിൽ ഇരിക്കുകയായിരുന്നു. അവളെന്നോട് പറഞ്ഞു ആരോടും പറയില്ലെങ്കിൽ ഞാൻ ഒരു കാര്യം പറഞ്ഞു തരാം. ഞാനവൾക്ക് വാക്കുകൊടുത്തു ആരോടും പറയില്ലെന്ന് .അവൾ പറയാൻ തുടങ്ങി ആദ്യമൊന്നും ഞാൻ വക വെച്ചില്ലെങ്കിലും പിന്നീട് അവൾ പറഞ്ഞ ഓരോ കാര്യവും എന്നെ വല്ലാതെ വേദനിപ്പിച്ചു കാരണം, അവളൊരു പാവമായിരുന്നു അവൾക്ക് ഒരുപാട് പ്രശ്നങ്ങളുണ്ടായിരുന്നു. ഇതൊക്കെ അവൾ ആരോടും പറയാതെ അവളുടെ ഉള്ളിൽ അടക്കി വച്ചിരിക്കുകയായിരുന്നു .അങ്ങനെയാണ് അവൾക്ക് തലവേദന വന്നത്. താങ്ങാവുന്നതിലും അപ്പുറമായിരുന്നു അവളുടെ സങ്കടം ആരും അവളെ മനസ്സിലാക്കിയിരുന്നില്ല. ആർക്കും അവളെ ഇഷ്ടമില്ലായിരുന്നു അവളെ മനസ്സിലാക്കാൻ ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ അവൾ ഇങ്ങനെയൊന്നും ആവില്ലായിരുന്നു. ഞാനല്ലാതെ അവൾക്ക് ഒരു ഫ്രണ്ടായി ആരുമില്ലായിരുന്നു ഉണ്ടായ സുഹൃത്തുക്കൾ അവളെ വിട്ടു പോയി എനിക്കെന്നോടു തന്നെ വെറുപ്പ്

തോന്നി. അവളെ പോലെ ഒരു നല്ല ഫ്രണ്ടിനെ മനസ്സിലാക്കാതെ പോയി എന്ന് ഓർക്കുമ്പോൾ ഇനിയും അവൾക്ക് സങ്കടങ്ങൾ ഉണ്ടായാൽ അവൾക്ക് തലവേദന കൂടുകയല്ലാതെ കുറയുകയില്ല അവൾക്ക് എന്നെ ഒരുപാടു ഇഷ്ടമായിരുന്നു .അവൾക്കെന്നെ അത്രയും ഇഷ്ടം ഉള്ളതുകൊണ്ടാണ് അവൾ എന്നെ എപ്പോഴും  വഴക്ക് പറഞ്ഞിരുന്നത് എന്ന്എനിക്ക് മനസ്സിലായി. അവളെ ഞാൻ ആ വരാന്തയിൽ നിന്ന് കെട്ടിപ്പിടിച്ചു കൊണ്ടു പറഞ്ഞു..........

" your my best friend “

**FASNA KAMAL (9.A)**



# കാർമേഘം



രാത്രി... കോരിച്ചൊരിയുന്ന മഴയാണ്; തൊടിയിൽ നിന്നും മരങ്ങൾ കടപുഴകി വീഴുന്ന ശബ്ദങ്ങൾ കേൾക്കാം; അശ്വതി ഇപ്പോഴും ഉറങ്ങിയിട്ടില്ല; ഒത്തിരി ദിവസങ്ങളായി ഒന്നു നേരാവണ്ണം ഉറങ്ങിയിട്ട്. അവൾ തന്റെ

കഴിഞ്ഞ കാലങ്ങളെ കുറിച്ച് ഓർത്തു അച്ഛൻ മരിച്ചിട്ട് ഇന്നേക്ക് 4 വർഷം കഴിഞ്ഞു, ഒരുപാട് ബുദ്ധിമുട്ടിയാണ് ഇതുവരെ എത്തിയത്. അനിയത്തിമാരുടെ ഫീസടക്കാനും ചിലവിനും എല്ലാമായി ഒരുപാട് കഷ്ടപ്പെട്ടു. അമ്മ വീട്ടുജോലി ചെയ്താണ് കുടുംബം കഴിഞ്ഞുപോകുന്നത്. നാളെ തന്റെ ജീവിതത്തിലെ നിർണായക ദിവസമാണ്. താൻ പങ്കെടുത്ത ഇന്റർവ്യൂവിന് ഫലം അറിയുന്ന ദിവസം.. അതിൽ വിജയിച്ചാൽ ബാങ്കിൽ തനിയ്ക്ക് നല്ലൊരു നിലയിൽ ജോലി കിട്ടും. സകല ദൈവങ്ങളെയും വിളിച്ചുകൊണ്ട് അവൾ ഉറങ്ങാൻ കിടന്നു." അപ്പോൾ മഴയ്ക്കും കാറ്റിനും അല്പം ശമനം ഉണ്ടായിരുന്നു".

പ്രഭാതം കണ്ണുചിമ്മി തുറക്കുന്ന വേഗത്തിൽ പുലർന്നു.അശ്വതി പൂജാമുറിയിൽ ദൈവത്തിനു മുന്നിൽ പ്രാർത്ഥനയിൽ ഇരിക്കുകയാണ്.

പെട്ടെന്നാണ് ഒരു സൈക്കിൾ ബെല്ലടി കേട്ടത്. അവൾ ഓടിപോയി നോക്കി പത്രക്കാരൻ ആയിരുന്നു അത്. അവൾ പത്രം വാങ്ങി . ഹൃദയമിടിപ്പോടെ അതിന്റെ ഓരോ താളുകളും മറിച്ചുനോക്കി. ആ റാങ്ക് ലിസ്റ്റിൽ തന്റെ പേരുണ്ടോ എന്ന്. അടങ്ങാൻ ആവാത്ത സന്തോഷത്തോടെ ആ പേപ്പറും എടുത്ത അവൾ അമ്മയുടേയും അനിയത്തിമാരുടെയും അടുത്തേക്ക് ഓടി . റാങ്ക് ലിസ്റ്റിൽ ഒന്നാം സ്ഥാനത്തായിരുന്നു അവൾ.അനിയത്തിമാരുടെയും അമ്മയുടെയും ഉള്ളിൽ

സന്തോഷത്തിന് തിരകൾ ഉയർന്നു. അപ്പോൾ പുറത്ത്

" സൂര്യകിരണങ്ങൾ തിളങ്ങുന്നുണ്ടായിരുന്നു".

പിറ്റേദിവസം തന്നെ ബാങ്കിൽനിന്നും വിളിവന്നു. അവളോട് ജോലിയിൽ പ്രവേശിക്കാൻ പറഞ്ഞുകൊണ്ട്. അവൾ ആ രാത്രി സുഖമായി ഒന്നുറങ്ങി. പ്രഭാതമായി; അശ്വതി അതിരാവിലെ തന്നെ എഴുന്നേറ്റു.എല്ലാ ദിവസവും നേരത്തെ എഴുന്നേൽക്കുന്ന അമ്മ ഇന്ന് എഴുന്നേറ്റിട്ടില്ല. തലേദിവസത്തെ ജോലിയുടെ ക്ഷീണം ആവാം. അവൾ കുളിച്ച്, ജോലിക്കുപോകാൻ റെഡിയായി, ഇതുവരെ അമ്മ എഴുന്നേറ്റിട്ടില്ല. അവൾ അമ്മയെ വിളിക്കാൻ വേണ്ടി റൂമിലേക്ക് പോയി. എത്ര വിളിച്ചിട്ടും അമ്മ എഴുന്നേൽക്കുന്നില്ല. അവൾ അമ്മയെ തട്ടിവിളിച്ചു; എന്നിട്ടും ഒരനക്കവുമില്ല; അവൾ അമ്മയുടെ മൂക്കിൽ വിരൽവെച്ചു; ശ്വാസം ഒന്നുമില്ല; അവൾ വേഗം അനിയത്തിമാരുടെ അടുത്തേക്കോടി. അവർ എല്ലാവരും അമ്മയെ ഹോസ്പിറ്റലിൽ എത്തിച്ചു. ഡോക്ടർ മരിച്ചെന്ന് വിധിയെഴുതി. അശ്വതി നടുങ്ങിപ്പോയി. ആശുപത്രിയിലെ വരാന്തയിൽനിന്ന് അലറി വിളിച്ചുള്ള ഒരു ശബ്ദം എല്ലാവരുടേയും കാതുകളിൽ തുളച്ചുകയറി. നിയന്ത്രണമില്ലാതെ ഒരു ഭ്രാന്തിയെ പോലെ അവൾ ആ വരാന്തയിലിരുന്നു.

" അപ്പോൾ പുറത്ത് കാർമേഘങ്ങൾ ഉരുണ്ടു കൂടിയിരുന്നു. മേഘം കരയുന്നതുപോലെ മാനത്തുനിന്നും

മഴത്തുള്ളികൾ ഇറ്റിറ്റു വീണു." ....

shamila....sherin 9.a

# തത്തമ്മ

പച്ചില കൊമ്പിലെ പച്ചപ്പനങ്കിളി തത്ത



പാറി കളിക്കും തത്തമ്മ

പാലു കുടിക്കും തത്തമ്മ

പച്ച വിരിച്ചുള്ള മേനിയാണേ

ചുണ്ട് ആണെങ്കിലോ ചുവപ്പാണ്

കാണാനെന്തൊരു ചേലാണ്

പച്ചപ്പനങ്കിളി തത്തമ്മയെ !!!

HIBA

9.A

# പൊതുവിജ്ഞാനം

1. കേരളത്തിലെ ഏറ്റവും ഉയർന്ന പ്രദേശത്തെസ്ഥിതിചെയ്യുന്ന ടൗൺ?

Ans: മൂന്നാർ

2. കേരളത്തിൽ ഏറ്റവും കൂടുതൽ ഏലം ഉല്പാദിപ്പിക്കുന്ന ജില്ല?

Ans: ഇടുക്കി

3. കേരളത്തിൽ ഏറ്റവും കൂടുതൽ തേയില ഉൽപാദിപ്പിക്കുന്ന ജില്ലയേത്?

Ans: ഇടുക്കി

4. ഇന്ത്യയുടെ ദേശീയ നൃത്തരൂപം?

Ans: ഭരത നാട്യം

5.' മൊസാദ്' ഏത് രാജ്യത്തെ രഹസ്യാന്വേഷണ ഏജൻസിയാണ്?

Ans: ഇസ്രായേൽ

6. കേരളത്തിലെ ഏറ്റവും വലിയ ഹിന്ദുമത സമ്മേളനം നടക്കുന്ന സ്ഥലം?

Ans: ചെറുകോൽപുഴ( പത്തനംതിട്ട)

7. ശ്രീലങ്കയുടെ ദേശീയ മൃഗം?

Ans: സിംഹം

8. കേരളത്തിൻറെ സാംസ്കാരിക തലസ്ഥാനം?

Ans: തൃശൂർ

9. 'പ്രേമസംഗീതം' എന്ന കൃതിയുടെ രചയിതാവ്

ans: ഉള്ളൂർ

10. പാലിൽ അടങ്ങിയിരിക്കുന്ന പഞ്ചസാര ഏത്?

ans: ലാക്ടോസ്

11. തേനിൽ അടങ്ങിയിട്ടുള്ള പ്രധാന പഞ്ചസാര ഏത്?

ans: ഫ്രക്ടോസ്

12. മെഴുക് ലയിക്കുന്ന ദ്രാവകം ഏത്?

ans: ബെൻസീൻ

13. സിറിഞ്ചുകൾ അണുവിമുക്തമാക്കാൻ ഉപയോഗിക്കുന്ന പദാർത്ഥം ഏത്?

ans: എഥനോൾ

14. മണ്ണിന്റെ അമ്ല വീര്യം കുറക്കുവാൻ ഉപയോഗിക്കുന്ന പദാർത്ഥം?

ans: കുമ്മായം

15. ജലം ശുദ്ധീകരിക്കുന്നതിന് ഉപയോഗിക്കുന്ന ഒരു ലവണം?

ans: പൊട്ടാഷ് ജലം

16. കാർബൺ സംയുക്തങ്ങളെ കുറിച്ച് പഠിക്കുന്ന രസതന്ത്രശാഖ?

ans: ഓർഗാനിക്ക് കെമിസ്ട്രി

17. മഷിക്കറ മായ്ക്കാൻ ഉപയോഗിക്കുന്ന ആസിഡ്?

ans: ഓക്സാലിക് ആസിഡ്

18. രാസപ്രവർത്തന വേഗം വ്യത്യാസപ്പെടുത്താൻ ചേർക്കുന്ന രാസവസ്തുക്കൾ അറിയപ്പെടുന്നത്?

ans: ഉൾപ്രേരകങ്ങൾ

19. പെരിയാർ ഡാം ജലത്തിന്റെ അളവ് കൂടുമ്പോൾ ഏതു ഡാമിലെ ഷട്ടറാണ് തുറക്കുന്നത്?

ans: ചെറുതോണി പുഴ ഡാം

**അശ്വനി**

**9.A**




# മികവുത്സവം


# school activities






























## കൂട്ടുകാർ വരച്ച ചിത്രങ്ങളിലൂടെ.......





# ലിറ്റിൽ കൈറ്റ്സ്



# ഗൈഡ്സ് പ്രസ്ഥാനം

1908-ൽ സർ റോബർട്ട് സ്ററീവൻസൺ സ്മിത്ത് ബേഡൻ പവ്വൽ സ്ഥാപിച്ച സ്കൗട്ട്&ഗൈഡ്സ് ഇന്ന് ലോകമെമ്പാടും നിരവധി അനുയായികളായി വിജയഗാഥയോടെ മുന്നേറുന്നു.1909-ൽ ഇന്ത്യയിൽ സ്കൗട്ടിങ്ങും 1911-ൽ ഗൈഡിങ്ങും ആരംഭിച്ചു.ഗൈഡിങ്ങ് തുടങ്ങാൻ ബിപിയെ സഹായിച്ചത് സഹോദരിയായ ആഗനസായിരുന്നു.1857 ഫെബ്രുവരി 22 ന് ജനിച്ച ബിപി 1876-ൽ പട്ടാളജീവിതത്തിൽ ചേർന്നു.ലണ്ടൻ ഇന്ത്യ,അഫ്ഗാനിസ്ഥാൻ,സൗത്ത് ആഫ്രിക്ക എന്നീ രാജ്യങ്ങളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചു.ആദ്യത്തെ പരീക്ഷണ ക്യമ്പ് 1907 ജൂലൈ 31 മുതൽ ആഗസററ് 8 വരെ English ചാനലിലെ ബ്രൗൺസി ഐലൻറിൽ വെച്ചു നടന്നു.തയ്യാർ എന്ന മുദ്രവാക്യവുമായി സ്ഥാപകനായ ബിപി വിഭാവനം ചെയ്ത ഉദ്ദേശം തത്ത്വങ്ങൾ,രീതി,എന്നിവയ്ക്കനുസരിച്ച് ജാതിമതവർഗവർണ പരിഗണനയില്ലാതെ ബാലികബാലൻമാരെയും യുവജനങ്ങളുടെയും സമ്പൂർണ വ്യക്തിത്ത്വവികസനത്തി നുതകുന്ന രാഷ്ട്രീയാതീതവും സ്വയം സന്നദ്ധവും വിദ്യദ്യസവും ആയ ഒരു ആഗോള പ്രസ്ഥാനമായ ഗൈഡിങ്ങ് ഈ വിദ്യാലയത്തിൽ ശരിയായ വിധത്തിൽ മുന്നേറുന്നു.

# Editorial Board

***Anshida***

***Nandha vinu***

***Haneena***

***Surya Suresh***

***Afnidha***

***Athira***

***Ashifa Naslin***

***Vibishna***

# നന്ദിയോടെ ....

